പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. *251

08.05.2017-ൽ
മറുപടിക്ക്

## മണൽ ഖനനത്തിന് പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ അനുമതി

ചോദ്യം

ശ്രീ.എം.ഉമ്മർ
,, ടി. വി. ഇബ്രാഹിം
,, പി.കെ.അബ്ദു റബ്ബ്
,, പി.ബി. അബ്ദുൽ റസ്സാക്ക്

ഉത്തരം

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

(എ) നദികളിൽ നിന്നും മണൽ ഖനനം ചെയ്യുമ്പോൾ പാലിക്കേണ്ട സാങ്കേതിക പാരിസ്ഥിതിക വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(എ) നദികളിൽ നിന്നും മണൽ ഖനനം ചെയ്യുമ്പോൾ പാലിക്കേണ്ട സാങ്കേതിക പാരിസ്ഥിതിക വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്.

1. സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ അനുമതി ആവശ്യമാണ്.
2. ഒരു കടവിൽ രാവിലെ 6 മണിയ്ക്ക് മുമ്പും വൈകുന്നേരം 6 മണിയ്ക്ക് ശേഷവും യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്ത താണ്.
3. ഏതെങ്കിലും പാലത്തിൽ നിന്നോ ഏതെങ്കിലും ജലസേചന പദ്ധതിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.
4. മണൽ കയറ്റുന്നതിനുള്ള വാഹനം നദീതീരത്തു നിന്ന് ഏറ്റവും കുറഞ്ഞത് 25 മീറ്റർ അകലത്തിൽ പാർക്ക് ചെയ്യേണ്ടതാണ്.
5. ഒരു കടവിലോ നദീതീരത്തിൽ നിന്നോ വിദഗ്ദ്ധ സമിതി നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ അളവ് മണൽ വാരാൻ പാടില്ലാത്തതാണ്.

6. മണൽ വാരൽ പ്രവർത്തനത്തിൽ കൊല്ലിവലയോ പോൾസ്കൂപ്പിംഗോ ഏതെങ്കിലും യന്ത്രവൽക്യത രീതിയോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

7. ഉപ്പ് വെള്ളം നദീജലവുമായി കലരാൻ സാദ്ധ്യതയുള്ളിടത്ത് മണൽ വാരൽ നടത്താൻ പാടില്ലാത്തതാണ്.

8. സർക്കാർ പൊതുവായോ പ്രത്യേകമായോ ഉത്തരവ് മുഖേന മണൽ വാരൽ സ്പഷ്ടമായി നിരോധിച്ചിട്ടുള്ള ഏതെങ്കിലും നദിയിലോ, നദീതീരത്തു നിന്നോ മണൽ വാരാൻ പാടില്ലാത്തതാണ്.

| | | | |
|---|---|---|---|
| (ബി) | മണൽ ഖനനം നടത്തുന്നതിന് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ അനുമതി തേടണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (ബി) | 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സ്ഥലത്ത് ഖനനം ചെയ്യാൻ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. |
| (സി) | എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസ്ഥകൾ ലംഘിച്ച് ഖനനം നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | അനധികൃത മണൽ ഖനനം നടത്തുന്നവർക്കെതിരെ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് പ്രകാരം പോലീസും, റവന്യൂ വകുപ്പും നടപടികൾ സ്വീകരിക്കുകയും വാഹനങ്ങൾ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ